# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 04 | 2018 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-1


ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com


---

## ഗ്യാസ്സില ർ സുരക്ഷ: ബോധവൽക്കണരണം നടത്തി

ശബരിമല: സന്നിധാനത്തെ ഹോട്ടലുകൾക്കും തൊഴിലാളികൾക്കും ഗ്യാസ്സുരക്ഷ സംബന്ധിച്ച ഫയർഫോഴ്സിന്റെ ആഭിമുഖ്യത്തിൽ ബോധവൽക്കരണക്ലാസ് നടത്തി. തീർഥാടകരുടെ എണ്ണം വർധിക്കുന്നതിനനുസരിച്ച് ഹോട്ടലുകളിലും വ്യാപാരസ്ഥാപനങ്ങളിലേയും സുരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായാണ് ക്ലാസ് നടത്തിയത്. ഗ്യാസ് അപകടങ്ങൾ ഉ ാകാതിരിക്കാനുള്ള മുൻകരുതലുകൾ, അടിയന്തിര സാഹചര്യങ്ങളിൽ സ്വീകരിക്കേ പ്രതിരോധനടപടികൾ എന്നിവ സംബന്ധിച്ച് വിദഗ്ധ പരിശീലനം നൽകി. അസിസ്റ്റന്റ് സ്റ്റേഷൻ ഓഫിസർമാരായ എസ്. സുരേഷ്, ടി. സുരേഷ് എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

(പി.ആർ. ശബരി-217)

<u>കാൽനടയായി 1316 കിലോമീറ്റർ താ ി തെലുങ്കാന തീർഥാടക സംഘം</u>

ശബരിമല: അയ്യപ്പദർശനത്തിന 1316 കിലോമീറ്റർ കാൽനടയായിയെത്തി വേറിട്ട മാതൃക സൃഷ്ടിക്കുകയാണ് ഗുരുസ്വാമി ഗഡല നാഗരാജുവിന്റെ നേതൃത്വത്തിലുള്ള തെലുങ്കാനയിൽ നിന്നുള്ള 25അംഗ തീർഥാടകസംഘം. ഒക്ടോബർ 22ന് തെലുങ്കാനയിലെ കരിംനഗറിൽ നിന്നും പുറപ്പെട്ട സംഘം 44ദിവസം കാൽനടയായി സഞ്ചരിച്ച് ഡിസംബർ മൂന്നിന് ഉച്ചയോടെ പുല്ലുമേട് വഴി സന്നിധാനത്തെത്തിയത്. ഇന്നലെ രാവിലെ നെയ്യഭിഷേകം നടത്തിയശേഷമാണ് സംഘം മലയിറങ്ങിയത്.

(പി.ആർ. ശബരി-218)

*<u>ഫോട്ടോ അടിക്കുറി ്</u>*

ഗ്യാസ് സുരക്ഷയുമായി ബന്ധപ്പെട്ട് സന്നിധാനത്ത് നടന്ന പരിശീലന ാസ്

കാൽനടയായി തെലുങ്കാനയിൽനിന്നും സന്നിധാനത്തെത്തിയ തീർഥാടകസംഘം



# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 04 | 2018 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-2

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com

---

## ഇന്ന് (5) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ

ശബരിമല: ശബരിമല തീർഥാടനത്തോടനുബന്ധിച്ച് ജില്ലയിൽ ഇന്ന് (5) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ: സാം മെഡിക്കൽസ് പത്തനംതിട്ട, ഡിവൈൻ മെഡിക്കൽസ് കോന്നി, കാവിൽ മെഡിക്കൽസ് കോഴഞ്ചേരി, നീതി മെഡിക്കൽസ് എച്ച്.എസ്.ജംഗ്ഷൻ അടൂർ, നീതി മെഡിക്കൽ സ്റ്റോർ എം.എം ജംഗ്ഷൻ പന്തളം, ഗിരി മെഡിക്കൽസ് തിരുവല്ല, റാന്നി മർത്തോമ മെഡിക്കൽ മിഷൻ സെന്റർ റാന്നി, ചെറിയത്ത് മെഡിക്കൽസ് കുമ്പളാംപൊയ്ക.

(പി.ആർ. ശബരി-219)

## ശബരിമല തീർഥാടനം : വിപുലമായ സൗകര്യങ്ങൾ ഒരുക്കി സീതത്തോട് പഞ്ചായത്ത്

ശബരിമല: ശബരിമല തീർഥാടകർക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കി സീതത്തോട് ഗ്രാമപഞ്ചായത്ത്. ഇതിനായി അഞ്ച് ലക്ഷം രൂപയാണ് സർക്കാർ അനുവദിച്ചിരിക്കുന്നത്. തീർഥാടനകാലത്തിന് മുന്നോടിയായി ശുചീകരണ പ്രവർത്തനങ്ങൾക്കായി തൊഴിലാളികളെ നിയമിച്ചു. ആങ്ങമൂഴി ഇടത്താവളം, കഞ്ഞിപ്പാറ ക്ഷേത്രം എന്നിവിടങ്ങളിൽ അവശ്യസേവനങ്ങൾക്കായി ഇൻഫർമേഷൻ

സെന്ററുകൾ സ്ഥാപിച്ചിട്ടു ്. ഇതരസംസ്ഥാന തീർഥാടകർക്കായി വിവിധ ഭാഷകളിൽ ബോർഡുകൾ സ്ഥാപിച്ചു. ഈ മാസം 15 നോടകം തെരുവുവിളക്കുകൾ പൂർണമായി പ്രവർത്തന സജ്ജമാക്കും. പ്രളയാനന്തരം നശിച്ച ഇടത്താവളങ്ങളിലെ ലൈറ്റ്, ടോയ്‌ലറ്റ് എന്നിവ നവീകരിച്ചു. കൂടാതെ തീർഥാടകർക്കായി കംഫർട്ട് സ്റ്റേഷനുകളും ഒരുക്കി. ര ് ലൈഫ് ഗാർഡുകളെയും നിയമിച്ചു. തീർഥാടകർക്ക് ആവശ്യമായ കുടിവെള്ളം തിളപ്പിക്കുന്നതിനുള്ള സൗകര്യം ഇടത്താവളങ്ങളിൽ ഒരുക്കിയിട്ടുെ ന്ന് പഞ്ചായത്ത് പ്രസിഡന്റ് ലേഖ സുരേഷ് അറിയിച്ചു.

(പി.ആർ. ശബരി-220)

## മൊബൈൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് യൂണിറ്റ് പ്രവർത്തനം തുടങ്ങി

ശബരിമല: ശബരിമല തീർഥാടനത്തോടനുബന്ധിച്ച് നിലയ്ക്കലിൽ മൊബൈൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് യൂണിറ്റിന്റെ പ്രവർത്തനം തുടങ്ങി. ശുചിത്വമിഷന്റെ നേതൃത്വത്തിൽ യൂണിസെഫിന്റെയും വാഷ് ഇൻസ്റ്റിറ്റ്യൂട്ടിന്റെയും സഹകരണത്തോടെയാണ് നിലയ്ക്കലിലെയും പമ്പയിലെയും സെപ്റ്റേജ് മാലിന്യം സംസ്കരിക്കുന്നതിന് മൊബൈൽ ട്രീറ്റ്മെന്റ് യൂണിറ്റുകൾ ലഭ്യമാക്കിയത്. ശബരിമല സ്പെഷ്യൽ ഓഫീസർ വി.ആർ.പ്രേംകുമാറിന്റെ നിർദേശപ്രകാരമാണ് യൂണിറ്റുകൾ നിലയ്ക്കലിലേക്കും പമ്പയിലേക്കുമായി എത്തിച്ചത്. നിലവിൽ ബേസ് ക്യാമ്പായി പ്രവർത്തിക്കുന്ന നിലയ്ക്കലിൽ ശാസ്ത്രീയമായി മുഴുവൻ സെപ്റ്റേജ് മാലിന്യവും സംസ്കരിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്ന സാഹചര്യത്തിലാണ് മൊബൈൽ ട്രീറ്റ്മെന്റ് യൂണിറ്റുകൾ പ്രവർത്തനത്തിനായി എത്തിച്ചത്.

മണിക്കൂറിൽ മൂവായിരം ലിറ്റർ ദ്രവമാലിന്യം സംസ്കരിക്കുന്നതിന് ശേഷിയുള്ള ര ് യൂണിറ്റുകളാണ് നിലയ്ക്കലിൽ ശുചിത്വമിഷന്റെ നേതൃത്വത്തിൽ എത്തിച്ചിട്ടുള്ളത്. സെപ്റ്റിക് ടാങ്കുകളിൽ നിന്നും മാലിന്യം പമ്പ് ചെയ്ത് വാഹനത്തിൽ ഘടിപ്പിച്ചിരിക്കുന്ന ടാങ്കിൽ എത്തിക്കുകയും ആക്ടിവേറ്റഡ് കാർബണൈസേഷൻ, അൾട്രാഫിൽട്രേഷൻ, സെൻട്രിഫ്യൂഗൽ സിസ്റ്റം എന്നീ പ്രക്രിയകളിലൂടെ സെപ്റ്റേജ് മാലിന്യത്തെ ശാസ്ത്രീയമായി സംസ്കരിക്കുന്ന മാതൃകയാണ് അവലംബിച്ചിരിക്കുന്നത്. സംസ്കരണാനന്തരം ഉ ാകുന്ന ജലം മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡം പാലിക്കുന്നുവെന്ന് പരിശോധിച്ച് ഉറപ്പാക്കിയിട്ടു ്. വരും ദിവസങ്ങളിൽ ദേവസ്വം ബോർഡിന്റെ സഹകരണത്തോടെ നിലയ്ക്കലും പമ്പയിലും സെപ്റ്റേജ് ട്രീറ്റ്മെന്റ് യൂണിറ്റുകൾ പ്രവർത്തിക്കും. പ്രളയാനന്തര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടും യൂണിസെഫിന്റെ സഹായത്തോടെ ഇത്തരം മൊബൈൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് യൂണിറ്റുകൾ ജില്ലയിൽ ലഭ്യമായിരുന്നു.

(പി.ആർ. ശബരി-221)

## വിശുദ്ധസേവനത്തിന്റെ 25വർഷം: വിശുദ്ധിസേനാംഗങ്ങളെ അനുമോദിച്ചു

ശബരിമല: ശബരിമല, സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ ശുചീകരണം നടത്തുന്ന ശബരിമല സാനിട്ടേഷൻ സൊസൈറ്റി 25 വർഷം പൂർത്തിയാക്കിയ സാഹച

ര്യത്തിൽ വിശുദ്ധിസേനാംഗങ്ങളെ സന്നിധാനത്ത് നടന്ന ചടങ്ങിൽ അനുമോദിച്ചു. ദേവസ്വം ബോർഡ് പ്രസിഡന്റ് എ. പത്മകുമാറിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഹൈക്കോടതി നിരീക്ഷണസമിതി ചെയർമാൻ ജസ്റ്റിസ് പി.ആർ. രാമൻ അനുമോദനസമ്മേളനം ഉദ്ഘാടനം ചെയ്തു. നിരീക്ഷണസമിതി അംഗങ്ങളായ ജസ്റ്റിസ് എസ്. സിരിജഗൻ, എ.ഡി.ജി.പി. എ. ഹേമചന്ദ്രൻ എന്നിവർ മുഖ്യാതിഥികളായി. സ്പെഷ്യൽ കമ്മീഷ്ണർ എം. മനോജ്, ജില്ലാ കലക്ടർ പി.ബി. നൂഹ്, ദേവസ്വംബോർഡംഗങ്ങളായ കെ.പി. ശങ്കരദാസ്, എൻ. വിജയകുമാർ, ദേവസ്വം കമ്മീഷ്ണർ എൻ. വാസു, സാനിട്ടേഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറി എം.എ. റഹീം, ദേവസ്വം ബോർഡ് ചീഫ് എൻജിനീയർ വി. ശങ്കരൻപോറ്റി, എക്സിക്യൂട്ടീവ് എൻജിനീയർ അജിത്കുമാർ, എക്സിക്യൂട്ടീവ് ഓഫീസർ വി. സുധീഷ്കുമാർ തുടങ്ങിയവർ പങ്കെടുത്തു.

ശബരിമലയിലെ ശുചീകരണത്തിനായി 1993ലാണ് സാനിട്ടേഷൻ സൊസൈറ്റി രൂപീകരിച്ചത്. ജില്ലാ കലക്ടർ ചെയർമാനും അടൂർ ആർ.ഡി.ഒ. മെമ്പർ സെക്രട്ടറിയുമായ സാനിട്ടേഷൻ സൊസൈറ്റി കഴിഞ്ഞ 25വർഷക്കാലമായി കാര്യക്ഷമമായ പ്രവർത്തനങ്ങളാണ് ശുചീകരണരംഗത്ത് കാഴ്ചവെയ്ക്കുന്നത്. ഈവർഷം 1000 വിശുദ്ധിസേനാംഗങ്ങളെയാണ് അയ്യപ്പസേവാസംഘം മുഖേന തമിഴ്നാട്ടിൽനിന്നും സേവനത്തിന് എത്തിച്ചിട്ടുള്ളത്. ഇവർക്ക് പ്രതിദിനം 400രൂപയാണ് വേദനം നൽകുന്നത്. സന്നിധാനത്ത് 300പേരെയും പമ്പയിൽ 315പേരെയും നിലയ്ക്കലിൽ 350പേരെയും പന്തളം, കുളനട എന്നിവിടങ്ങളിലായി 25പേരേ വീതവുമാണ് നിയോഗിച്ചിട്ടുള്ളത്. ശബരിമല സാനിട്ടേഷൻ സൊസൈറ്റിയുടെ ഭാഗമായി 2015 മുതൽ മിഷൻഗ്രീൻ ശബരിമല എന്ന പദ്ധതിയും ആരംഭിച്ചു. തീർഥാടനം പൂർണമായും ഹരിതമാനദണ്ഡം പാലിച്ച് നടത്തുന്നതിനുവേ 1 യാണ് ഈ പദ്ധതി. പ്ലാസ്റ്റിക് വിരുദ്ധബോധവൽക്കരണം, തുണിസഞ്ചികളുടെ വിതരണം തുടങ്ങി പൂങ്കാവനത്തെ മാലിന്യമുക്തമാക്കുന്നതിനുള്ള എല്ലാവിധ പ്രവർത്തനങ്ങൾക്കും മിഷൻഗ്രീൻ ശബരിമല വ്യാപകമായ പ്രചരണം നൽകുന്നു ്. മകരവിളക്കിനോടനുബന്ധിച്ച് എല്ലാവിശുദ്ധിസേനാംഗങ്ങൾക്കും പ്രത്യേക ഉപഹാരം ദേവസ്വം ബോർഡ് നൽകുമെന്ന് പ്രസിഡന്റ് എ. പത്മകുമാർ പറഞ്ഞു.

(പി.ആർ. ശബരി-222)

## ശബരിമലയിൽ തീർഥാടകർക്കുള്ള സൗകര്യങ്ങൾ തൃപ്തികരം: നിരീക്ഷണസമിതി

ശബരിമല: ശബരിമല സന്നിധാനത്ത് തീർത്ഥാടകർക്ക് ഒരുക്കിയിട്ടുള്ള സൗകര്യങ്ങൾ തൃപ്തികരമാണെന്ന് ഹൈക്കോടതി നിയോഗിച്ച നിരീക്ഷണസമിതി പറഞ്ഞു. ശബരിമല സന്നിധാനത്തെ ക്രമീകരണങ്ങൾ വിലയിരുത്തിയശേഷം വിവിധവകുപ്പ് ഉദ്യോഗസ്ഥരുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു സമിതിയംഗങ്ങൾ. ശബരിമലയിൽ തീർഥാടകർക്ക് ദർശനം നടത്തുന്നതിന് ബുദ്ധിമുട്ടുള്ള ഒരുസാഹചര്യവും പരിശോധനയിൽ കാണുവാൻ കഴിഞ്ഞില്ല. നിലയ്ക്കലിൽ ഒരുക്കിയിട്ടുള്ള സൗകര്യങ്ങളും തൃപ്തികരമാണ്. പ്രളയത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ച പമ്പയിൽ അധികമായി ചിലക്രമീകരണങ്ങൾ ആവശ്യമാണെന്ന് സമിതി പറഞ്ഞു. അടിസ്ഥാനസൗകര്യങ്ങൾ തകർന്നിട്ടുള്ളതിനാൽ തീർഥാടകരുടെ തിരക്ക് വർധിക്കുന്നതിന് സുരക്ഷയ്ക്കായി കൂടുതൽ നടപടികൾ സ്വീകരിക്കണം. കൂടുതൽ ശുചിമുറികൾ സജ്ജമാക്കണം.

തീർഥാടകരുടെ എണ്ണം വർധിക്കുന്നതിനനുസരിച്ച് കെ.എസ്.ആർ.ടിസി. നിലയ്ക്കലിൽ നിന്ന് ആവശ്യാനുസരണം ചെയിൻസർവീസുകൾ നടത്തണം. പമ്പയിലേയക്ക് സ്വകാര്യവാഹനങ്ങൾ അനുവദിക്കാത്തതിനാൽ കെ.എസ്.ആർ.ടി.സി. സർവീസ് കാര്യ

ക്ഷമമമാണെന്ന് ഉറപ്പുവരുത്തണമെന്നും സമിതി നിർദേശിച്ചു. നിലവിൽ 159ബസുകളാണ് സർവീസ് നടത്തുന്നതെന്നും തിരക്കിനനുസരിച്ച് ബസുകളുടെ എണ്ണം വർധിപ്പിക്കുമെന്നും കെ.എസ്.ആർ.ടി.സി. അറിയിച്ചു. സന്നിധാനത്തെ വലിയനടപ്പന്തലിന്റെ തുടക്കത്തിലുള്ള സഹസ് കാർഡിയോളജി സെന്ററിന്റെ പിന്നിലൂടെയുള്ള നിർദ്ദിഷ്ട ട്രാക്ടർപാതയുടെ നിർമാണത്തിനുള്ള തടസങ്ങൾ നീക്കുന്നതിന് വനംവകുപ്പ് സത്വരനടപടികൾ സ്വീകരിക്കാൻ സമിതി നിർദേശിച്ചു. സന്ദർശനത്തിന്റെ അടിസ്ഥാനത്തിൽ വിശദമായ റിപ്പോർട്ട് ഹൈക്കോടതിയിൽ സമർപ്പിക്കുമെന്നും സമിതി അറിയിച്ചു. സമിതി ചെയർമാൻ ദേവസ്വം ഓംബുഡ്സ്മാൻ ജസ്റ്റിസ് പി.ആർ. രാമൻ, സമിതിയംഗങ്ങളായ ശബരിമല ഉന്നതാധികാര സമിതി ചെയർമാൻ ജസ്റ്റിസ് എസ്. സിരിജഗൻ, എ.ഡി.ജി.പി. എ. ഹേമചന്ദ്രൻ എന്നിവരാണ് ശബരിമലയിലെ വിവിധക്രമീകരണങ്ങൾ വിലയിരുത്തിയത്.

ശബരിമല സ്പെഷ്യൽ കമ്മീഷ്ണർ എം. മനോജ്, ദേവസ്വംബോർഡ് പ്രസിഡന്റ് എ. പത്മകുമാർ, ബോർഡംഗങ്ങളായ കെ.പി. ശങ്കരദാസ്, എൻ. വിജയകുമാർ, എ.ഡി.ജി.പി. അനിൽകാന്ത്, ജില്ലാ കലക്ടർ പി.ബി. നൂഹ്, ദേവസ്വം കമ്മീഷ്ണർ എൻ. വാസു, എ.ഡി.എം. വി.ആർ. പ്രേംകുമാർ, പോലീസ് സ്പെഷ്യൽ ഓഫീസർ കറുപ്പസ്വാമി, ദേവസ്വംബോർഡ് ചീഫ് എൻജിനീയർമാരായ വി. ശങ്കരൻപോറ്റി, എക്സിക്യൂട്ടീവ് എൻജിനീയർ അജിത്കുമാർ, എക്സിക്യൂട്ടീവ് ഓഫീസർ ഡി. സുധീഷ്കുമാർ, വിവിധവകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

(പി.ആർ. ശബരി-223)

## സന്നിധാനത്തെ ക്രമീകരണങ്ങൾ വിലയിരുത്തി ഹൈക്കോടതി നിരീക്ഷകസംഘം

ശബരിമല: ശബരിമല സന്നിധാനത്ത് തീർത്ഥാടകർക്ക് ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ ഹൈക്കോടതി നിയോഗിച്ച നിരീക്ഷണസംഘം വിലയിരുത്തി. സമിതി ചെയർമാൻ ജസ്റ്റിസ് പി.ആർ. രാമൻ, അംഗങ്ങളായ ജസ്റ്റിസ് എസ്. സിരിജഗൻ, എ.ഡി.ജി.പി. എ. ഹേമചന്ദ്രൻ എന്നിവരാണ് ക്രമീകരണങ്ങൾ വിലയിരുത്തിയത്. വാവരുനട, താഴെ തിരുമുറ്റം, അരവണകൗ ർ, വലിയനടപ്പന്തൽ, സന്നിധാനം സർക്കാർആശുപത്രിയുടെ പിന്നിലൂടെയുള്ള നിർദ്ദിഷ്ട ട്രാക്ടർപാത, മാളികപ്പുറംഭാഗം, അന്നദാനമണ്ഡപം എന്നിവിടങ്ങളിലാണ് സമിതിയംഗങ്ങൾ ക്രമീകരണങ്ങൾ വിലയിരുത്തിയത്. തീർത്ഥാടകർക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്ന സാഹചര്യമില്ലെന്ന് സമിതി വിലയിരുത്തി. വലിയനടപ്പന്തലിലൂടെ തിരക്കുള്ളസമയത്ത് ട്രാക്ടറുകൾ ഓടിക്കുന്നത് അപകടകരമായതിനാൽ ഇതിനായി മാസ്റ്റർപ്ലാനിലുള്ള നിർദ്ദിഷ്ട ട്രാക്ടർപാത സമിതി പരിശോധിച്ചു. സന്നിധാനം സർക്കാർആശുപത്രിയുടെ പിന്നിലൂടെയുള്ള ഈപാത ഗതാഗതയോഗ്യമാക്കുന്നതിനുള്ള തടസങ്ങൾ അടിയന്തിരമായി പരിഹരിക്കുന്നതിന് വനംവകുപ്പിന് നിർദേശം നൽകി. അന്നദാനമണ്ഡപത്തിലെത്തി സമിതിയംഗങ്ങൾ തീർത്ഥാടകരോട് വിവരങ്ങൾ ആരായികയും ഇവർക്ക് ഭക്ഷണം വിളമ്പി നൽകുകയും ചെയ്തു. ശബരിമല സ്പെഷ്യൽ കമ്മീഷ്ണർ എം. മനോജ്, ദേവസ്വംബോർഡ് പ്രസഡിന്റ് എ. പത്മകുമാർ, ബോർഡംഗങ്ങളായ കെ.പി. ശങ്കരദാസ്, എൻ. വിജയകുമാർ, ദേവസ്വം കമ്മീഷ്ണർ എൻ. വാസു, പോലീസ് സ്പെഷ്യൽ ഓഫീസർ കറുപ്പസ്വാമി, ദേവസ്വംബോർഡ് ചീഫ് എൻജിനീയർ വി. ശങ്കരൻപോറ്റി, എക്സിക്യൂട്ടീവ് എൻജിനീയർ അജിത്കുമാർ, എക്സിക്യൂട്ടീവ് ഓഫീസർ ഡി. സുധീഷ്കുമാർ തുടങ്ങിയവർ സമിതിയംഗങ്ങളെ അനുഗമിച്ചു.

(പി.ആർ. ശബരി-224)

# <u>ശബരിമലയിലെ ഇന്നത്തെ ചടങ്ങുകൾ(05-12-18)</u>

രാവിലെ
3 ന് ..... ക്ഷേത്രനട തുറക്കൽ
3.05 ന് ..... നിർമ്മാല്യം
3.15 മുതൽ ഉച്ചയ്ക്ക് 12വരെ നെയ്യഭിഷേകം
3.30 ന് ഗണപതി ഹോമം
7.30 ന് ഉഷപൂജ
12.40ന് ഉച്ചപൂജ
1 മണിക്ക് നട അടയ്ക്കും

വൈകുന്നേരം
3 ന് നടതുറക്കൽ
6.30ന് ദീപാരാധന
7 ന് പുഷ്പാഭിഷേകം
രാത്രി 9.30 ന് അത്താഴപൂജ
10.50ന് ഹരിവരാസനം പാടി 11 മണിക്ക് നട അടയ്ക്കും ....

(പി.ആർ. ശബരി-225)



# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 04 | 2018 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-3

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com

---

## ശബരിമല തീർത്ഥാടനം: നിരോധനാജ്ഞ എട്ടുവരെ ദീർഘിപ്പിച്ചു

ശബരിമല: ശബരിമല ദർശനത്തിനെത്തുന്ന തീർത്ഥാടകരുടെ സംരക്ഷണം ഉറപ്പാക്കുന്നതിന് പമ്പാ പോലിസ്സ്റ്റേഷൻ പരിധിയിൽ ഇലവുങ്കൽ മുതൽ സന്നിധാനംവരെയുള്ള എല്ലാ പ്രദേശങ്ങളിലും റോഡുകളിലും ഉപറോഡുകളിലും പ്രഖ്യാപിച്ചിരുന്ന നിരോധനാജ്ഞ ഈമാസം എട്ടിന് അർധരാത്രിവരെ ദീർഘിപ്പിച്ച് ജില്ലാ കലക്ടർ ഉത്തരവ് പുറപ്പെടുവിച്ചു. ഇലവുങ്കൽ മുതൽ സന്നിധാനംവരെയുള്ള പ്രദേശങ്ങളിൽ ജനങ്ങൾ നിയമവിരുദ്ധമായി സംഘം ചേരുന്നതും പ്രകടനം, പൊതുയോഗം, വഴിതടയൽ എന്നിവ നടത്തുന്നതും നിരോധിച്ചിട്ടു ്. ശബരിമല തീർത്ഥാടനത്തിനെത്തുന്നവർക്ക് സമാധാനപരമായ ദർശനം വാഹനങ്ങളുടെ സുഗമമായ സഞ്ചാരം എന്നിവ നിരോധനാജ്ഞയിൽ നിന്നും ഒഴിവാക്കിയിട്ടു ്. ഭക്തർക്ക് ഒറ്റയ്ക്കോ, സംഘമായോ ദർശനത്തിനെത്തുന്നതിനോ, ശരണംവിളിക്കുന്നതിനോ, നാമജപം നടത്തുന്നതിനോ തടസമില്ലായെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടു ്.

(പി.ആർ. ശബരി-226)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.